LIBRARY ARCHIVES Kerala Legislative Assembly

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കൃഷിനാശം

190 (1560) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഈയിടെ ഉണ്ടായ കനത്ത മഴയിലും കാറ്റിലും സംഭവിച്ച കൃഷിനാശം സംബന്ധിച്ച നിവേദനം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) കർഷകർക്കുണ്ടായ നഷ്ടങ്ങൾക്ക് പരിഹാരമായി അനുവദിച്ച സാമ്പത്തിക സഹായം സംബന്ധിച്ച് വിശദമാക്കാമോ ; കൊയിലാണ്ടി മണ്ഡലത്തിൽ എത്ര പേർക്ക് സഹായം അനുവദിച്ചു ; എത്ര പേർ സഹായത്തിന് അപേക്ഷിച്ചിരുന്നു ; വിശദമാക്കാമോ ;

(സി) മണ്ഡലത്തിൽ കാർഷിക മേഖലയിൽ എത്ര രൂപയുടെ നഷ്ടമാണ് തിട്ടപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കർഷകർക്കുണ്ടായ നഷ്ടങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടില്ല. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് നിലവിൽ റവന്യൂ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്നാണ് ധനസഹായം നൽകുന്നത്. പ്രസ്തുത തുക ലഭിക്കുന്ന മുറയ്ക്ക് കർഷകർക്ക് ധനസഹായം നൽകാൻ കഴിയുന്നതാണ്. കൃഷിനാശത്തിന് ധനസഹായം ലഭിക്കുന്നതിനായി കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നിന്ന് 930 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) പ്രാഥമിക റിപ്പോർട്ട് പ്രകാരം 61,27,550 രൂപയുടെ നഷ്ടം മണ്ഡലത്തിൽ തിട്ടപ്പെടുത്തിയിട്ടുണ്ട്.

വിലസ്ഥിരതാ ഫണ്ടിൽനിന്നും റബ്ബർ സംഭരണത്തിനായി തുക

191 (1561) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

കേന്ദ്ര വിലസ്ഥിരതാ ഫണ്ടിൽനിന്നും റബ്ബർ സംഭരണത്തിനായി തുക ലഭിച്ചിട്ടുണ്ടോ ; ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിലേക്ക് നിവേദനം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കേന്ദ്ര വില സ്ഥിരതാ ഫണ്ടിൽനിന്നും റബ്ബർ സംഭരണത്തിനായി തുക ലഭിച്ചിട്ടില്ല.

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമായതിനാൽ, സംസ്ഥാന സർക്കാർ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേന്ദ്രസർക്കാരിലേക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനത്തിൽ, സ്വാഭാവിക റബ്ബറിന് വില സ്ഥിരത ഏർപ്പെടുത്തുവാൻ അനുയോജ്യമായ പദ്ധതി രൂപീകരിക്കുക എന്ന ആവശ്യം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടുള്ള മറുപടിയിൽ, റബ്ബർ ഉൾപ്പെടെ എല്ലാ ഉല്പന്നങ്ങൾക്കും വില സ്ഥിരത ഏർപ്പെടുത്തുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ പ്രസിഷൻ ഫാമിംഗ്/പോളിഹൗസുകൾ

192 (1562) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പ്രസിഷൻ ഫാമിംഗ്/പോളിഹൗസുകൾ എന്നിവ പ്രയോജനപ്പെടുത്തി ആധുനിക രീതിയിൽ കൃഷിചെയ്യുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കോഴിക്കോട് ജില്ലയിൽ എത്ര പേർക്ക് എത്ര രൂപ വീതം ധനസഹായം നൽകിയെന്ന് വ്യക്തമാക്കാമോ ;

(ബി) കുടുംബശ്രീ/സ്വാശ്രയസംഘങ്ങൾക്ക് പ്രസ്തുത ഇനത്തിൽ ധനസഹായം നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കാമോ ;

(സി) പ്രസിഷൻ ഫാമിംഗിന് നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണ് ;

(ഡി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ ഉറസായ സ്ഥലത്ത് കൃത്യതാ കൃഷി നടപ്പിലാക്കുന്നില്ല. പോളീ ഹാസുകളിൽ കൃഷി ചെയ്തുവന്നിരുന്ന കൃഷിക്കാർക്ക് കഴിഞ്ഞ